പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 326 | 23/01/2018 ൽ മറുപടി<br>നല്കേണ്ടത്. |

**ലൈസൻസില്ലാതെയുള്ള പലഹാര നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഗ്രാമങ്ങളിൽ പലതരത്തിലുമുള്ള ബേക്കറി സാധനങ്ങൾ ലൈസൻസ് ഇല്ലാത്ത കമ്പനികൾ ഉണ്ടാക്കി വിൽക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കമ്പനികൾ ഉണ്ടാക്കുന്ന മുറുക്ക്, ചിപ്സ്, കേക്കുകൾ, മിഠായികൾ എന്നിവ ഗുണനിലവാരം ഇല്ലാത്തതും കേടാകാതിരിക്കുവാൻ വേണ്ടി വിഷാംശം അടങ്ങിയ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമാണെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | എ) | ഗ്രാമങ്ങളിൽ പലതരത്തിലുള്ള ബേക്കറി സാധനങ്ങൾ ലൈസൻസ് ഇല്ലാത്ത കമ്പനികൾ ഉണ്ടാക്കി വിൽക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ട് ഇത്തരം കമ്പനികൾ ഉണ്ടാക്കുന്ന മുറുക്ക്, ചിപ്സ്, കേക്കുകൾ, മിഠായികൾ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും കേടാകാതിരിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന അനുവദനീയമല്ലാത്ത രാസപദാർത്ഥങ്ങൾ കണ്ടെത്തിയുള്ളായ കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട് |
| ബി) | ഇത്തരത്തിൽ വിഷാംശം അടങ്ങിയ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച ബേക്കറി പലഹാരങ്ങൾ നമ്മുടെ സ്കൂൾ കുട്ടികൾ ധാരാളം ഉപയോഗിക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ; ദിവസേന സ്കൂൾ കുട്ടികൾ ഉപയോഗിക്കുന്ന മിക്സ്ചർ, ചിപ്സ്, കേക്കുകൾ, ഫ്രൂട്ടി, സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവയെല്ലാം കുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ച് നടപടി | ബി) | പരിശോധിച്ച് നടപടി എടുത്തിട്ടുണ്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന Safe and Nutritional Food at School എന്ന പദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | എടുക്കുമോ; | | |
| സി) | കുട്ടികളെ സ്കൂൾ പഠനകാലത്ത് തന്നെ രോഗികളാക്കി മാറ്റുന്ന ഇത്തരം വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുവാൻ നടപടി എടുക്കുമോ; വ്യക്തമാക്കുമോ; | സി) | സംസ്ഥാനത്തുള്ള ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എല്ലാവർക്കും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാണ്. ഇത്തരത്തിലുള്ള ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഇത്തരം ഭക്ഷണപദാർത്ഥങ്ങൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ ഉണ്ടാക്കുന്നതാണെന്ന കാര്യം പരിശോധിച്ച് അവ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) | മറ്റ് സംസ്ഥാനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കുന്ന കേന്ദ്രങ്ങൾ പരിശോധന നടത്താൻ കേരളാ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് അധികാരമില്ല. എന്നാൽ ഇക്കാര്യം വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ Central Advisory Committee മീറ്റിംഗുകളിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (FSSAI) ഇതിനു വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | ബേക്കറി ഭക്ഷണങ്ങൾ, പച്ചക്കറികൾ, പ്ലാസ്റ്റിക് കവറിനകത്തുള്ള ഭക്ഷണങ്ങൾ എന്നിവയെല്ലാം പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട് തുടർന്നും സ്വീകരിക്കുന്നതാണ്. |
| എഫ്) | ഇത്തരത്തിൽ ലൈസൻസ് ഇല്ലാത്തതിനാൽ നിരോധിക്കപ്പെട്ട സ്ഥാപനങ്ങൾ എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ? | എഫ്) | ഇത്തരത്തിൽ ലൈസൻസ് ഇല്ലാത്തതിനാൽ സ്ഥാപനങ്ങളൊന്നും നിരോധിച്ചിട്ടില്ല. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ്/രജിസ്ട്രേഷൻ എടുക്കുന്നതിനായി നോട്ടീസ് നൽകുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ